ശ്രീ. ..... മോഹനദരമേനോൻ : ഞാൻ ഇവിടെ പറഞ്ഞതു് എക്സി കൃട്ടീവു് ആഫീസറന്മാർ പഞ്ചായത്തുകളം നിലവിൽ ഇല്ലാതിരുന്ന കാലത്തു വീട്ടുകരം പുതുതായിട്ടുള്ളതു് ഇപ്പോൾ തിരഞ്ഞെടുപ്പുവഴി പഞ്ചായത്തു് അധികാരത്തിൽ വന്നതുകൊണ്ടു് പുനഃപരിശോധിക്കാൻ അധികാരമുണ്ടെന്നാണു്. അതു സംബന്ധിച്ചു് റൂംസിൽ എന്തെങ്കിലും പ്രതിബന്ധമുണ്ടെങ്കിൽ അതു ഞാൻ പരിശോധിക്കാം.

സ്റ്റേറ്റു് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ഡ്രൈവറന്മാരും, കണ്ടക്ടറന്മാരും.

* 758. [2] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ ദിവസക്കൂലിക്കാരായി എത്ര ഡ്രൈവറന്മാരും കണ്ടക്ടറന്മാരും ഉണ്ടു് ;

(ബി) മൂന്നും നാലും കൊല്ലം ദിവസക്കൂലിക്കാരായി ജോലിനോക്കുന്ന ഈ ഡ്രൈവറന്മാരെയും കണ്ടക്ടറന്മാരേയും സ്ഥിരപ്പെടുത്താതിരിക്കുന്നതെന്താണു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ഡ്രൈവറന്മാർ 488 കണ്ടക്ടറന്മാർ 644

(ബി) 1–4–1964 മുതൽക്കു് കുറെ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ കല്പനയായിട്ടുണ്ടു്. അതോടെ ഒരു നല്ല വിഭാഗം റിസർവ്വു് കണ്ടക്ടറന്മാരേയും ഡ്രൈവർമാരേയും സ്ഥിരപ്പെടുത്താൻ കഴിയുന്നതാണു്.

ശ്രീ. സി കെ. ബാലകൃഷ്ണൻ : പുതുതായി കുറേപ്പേരേ സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ബാക്കി എത്ര പേർ വരുമെന്നുപറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു് ഇപ്പോൾ പറയാൻ ഒക്കുകയില്ല.

ശ്രീ. സി. എ. മാത്യു : ദിവസക്കൂലിക്കാരായി വളരെയധികം കണ്ടക്ടറന്മാരും ഡ്രൈവറന്മാരും ഉള്ളപ്പോൾ പിന്നെയും പി. എസ്. സി. അപേക്ഷകരെ ക്ഷണിക്കുന്നതു് എന്തടിസ്ഥാനത്തിലാണു് ?

ശ്രീ. കെ. ടി. അച്യുതൻ : എംപ്ലോയ്മെൻറു് എക്സ്ചേഞ്ചു വഴിയല്ലാതെ നിയമിക്കുന്നതിനു നേരത്തെതന്നെ പി. എസ്. സി. യോടു് ഡിപ്പാർട്ടുമെൻറു് ആവശ്യപ്പെട്ടതാണു്. അവർ നേരത്തെ സെലക്ടുചെയ്ത വന്നതാണു്.

ശ്രീ. എൻ. ഈ. ബലറാം : ഗവണ്മെൻറു് നിയമിച്ച ഒരു കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു് സ്റ്റാഫിനെ വയ്ക്കാത്തതുകൊണ്ടാണു് ഇങ്ങനെ ദിവസക്കൂലിക്കാരെ വയ്ക്കേണ്ടിവരുന്നതെന്നറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : ആദ്യമുണ്ടായിരുന്ന സ്റ്റാൻഡേർഡപ്രകാരം സ്റ്റാഫുണ്ടു്. ഇതിനിടയ്ക്കു ചില അഡ്ജസ്റ്റുമെൻറു വരുമ്പോഴാണു് ഇവരുടെ ആവശ്യം വരുന്നതു്. ഇപ്പോൾ കുറെ പുതിയ തസ്തികകളും ഉണ്ടാക്കിരണ്ടും മൂന്നും കൊല്ലം ജോലി നോക്കിയവർക്കു സ്ഥിരത നൽകുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ദിവസക്കൂലിക്കാരായ കണ്ടക്ടറന്മാരേയും ഡ്രൈവറന്മാരേയും സംബന്ധിച്ചിടത്തോളം അവരെ നിയമിച്ച തീയതി മുതലുള്ള സർവ്വീസു് കണക്കാക്കുമോ, അതോ ദിവസക്കൂലി വാങ്ങി പ്രവർത്തിച്ചിട്ടുള്ള ദിവസങ്ങളെ അടിസ്ഥാനമാക്കിയാണോ സർവ്വീസു് കണക്കാക്കുന്നതു് ?

ശ്രീ. കെ. ടി. അച്യുതൻ : സ്ഥിരമായി വരുമ്പോൾ മാത്രമാണു് സർവ്വീസു് കണക്കാക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. ഫ്രാൻസിസ് : ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ സമരം എന്ത് ഉറപ്പിലാണ് പിൻവലിച്ചതെന്ന് പറയാമോ ? ഒരു ഉറപ്പും കൊടുത്തില്ലെന്ന് മന്ത്രി പറഞ്ഞു.

ശ്രീ. കെ. ടി. അച്യുതൻ : യൂണിയനുമായി രണ്ടുപ്രാവശ്യം ചർച്ചകൾ നടത്തി ചില തീരുമാനങ്ങൾ എടുത്തു. അവസാനതീരുമാനം ആയില്ലെന്നേ പറഞ്ഞുള്ളൂ. ആ ചർച്ചകൾക്കുശേഷമാണ് ഈ തീരുമാനം ഉണ്ടായത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവരിൽ കുറേപ്പേരെ സ്ഥിരപ്പെടുത്താമെന്ന് പറഞ്ഞു. മുന്നൂറ്റൊന്നുകൊല്ലം സർവ്വീസുള്ളവരെയെല്ലാം സ്ഥിരപ്പെടുത്തുന്നതിൽ എന്താണ് തടസ്സം ? ദിവസക്കൂലിക്കാരെ സമയത്തു ലഭിക്കാത്തതുകൊണ്ട് ചിലപ്പോൾ വണ്ടിതന്നെ സമയത്തു് ഓടിക്കാൻ കഴിയാതെവരുന്നുണ്ട്.

ശ്രീ. കെ. ടി. അച്യുതൻ : സ്ഥിരമായ തസ്തികകൾ ഇല്ല. പത്തോ പന്ത്രണ്ടോ ദിവസത്തെ ആവശ്യത്തിനു് 30 ദിവസം കണക്കാക്കി നിയമിക്കാൻ നിവൃത്തിയില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പോകാതെ ഇവർക്ക് സമ്മതമുണ്ടെങ്കിൽ വരാമെന്നുപറഞ്ഞു. അങ്ങനെ സമ്മതമുള്ളവർ വരുകയാണ്.

രാത്രി ഡ്യൂട്ടിക്കാരായ ട്രാൻസ്പോർട്ട് തൊഴിലാളികൾക്കു ഉറങ്ങാനുള്ള കെട്ടിടം

* 759. [3] ശ്രീ. ആർ. സുഗതൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ ട്രാൻസ്പോർട്ടുവകുപ്പുവക ഡിസ്ട്രിക്റ്റാഫീസുകളിൽ രാത്രിയിലെ ഡ്യൂട്ടിക്കാരായ ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും ഉറങ്ങാനുള്ള സ്ഥലംഇല്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സ്വന്തം വസ്ത്രം സൂക്ഷിക്കുന്ന വീഞ്ഞപ്പെട്ടികളുടെ പുറത്തു് ഡ്യൂട്ടിസമയമാകുംവരെ കത്തിയിരുന്ന ഉറങ്ങുവാനും ഇവർക്കു സാധിക്കുന്നുള്ളൂ എന്ന വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) രാത്രിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കു വിശ്രമിക്കുന്നതിനായി എല്ലാ ഡിസ്ട്രിക്റ്റ് ആഫീസുകളോടും അനുബന്ധിച്ചു് മുറികൾ സൗകര്യപ്പെടുത്തിക്കൊടുത്തിട്ടുണ്ട്.

(ബി) ഇല്ല.

ശ്രീ. ആർ. സുഗതൻ : കൊല്ലത്തു് അങ്ങനെയുള്ള മുറികൾ ഇല്ല. തൃശ്ശൂർ 7 പേർക്കു് പാർക്കാവുന്ന മുറികൾ ഉണ്ട്. ആലപ്പുഴ 5 പേർക്കു് പാർക്കാൻ സൗകര്യമുണ്ട്. കോഴിക്കോട് ഒന്നാംതരം തടിയൻ കൊതുകുകളോടൊപ്പം 12 പേർക്കു് താമസിക്കാൻ സ്ഥലമുണ്ട്. ബാക്കിയുള്ളിടത്തൊന്നും സ്ഥലമില്ലെന്നുള്ളതു് അറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : തിരുവനന്തപുരത്തുതന്നെ സെൻട്രലിൽ 3 മുറികൾ ഉണ്ട്. സിറ്റിയിൽ രണ്ടു മുറിയുണ്ട്. മറ്റു ഡിസ്ട്രിക്ട കളിലെല്ലാം ഓരോ മുറിയുണ്ട്. ഇങ്ങനെ രാത്രിയിൽ ജോലി ചെയ്യേണ്ടിവരുന്നവർക്കു് വിശ്രമിക്കാനാണ് സൗകര്യപ്പെടുത്തിയിട്ടുള്ളതു്. ചിലപ്പോൾ പെട്ടെന്നു മാറിച്ചെല്ലുന്നവർക്കു് അത്ര സൗകര്യം കിട്ടിയില്ലെന്നുവരാം. ഓരോരുത്തർക്കും ശബ്ദപൂർ തിരക്കും കൂടാതെ സ്ഥലം കൊടുക്കാൻ ഇപ്പോൾ സൗകര്യമില്ല.

ശ്രീ. ആർ. സുഗതൻ : പെട്ടിപ്പുറത്തു കൊതുകുകളുടെ ഉപദ്രവമേറ്റു കഴിയുന്നവർക്കു് ഉറങ്ങാൻ സ്ഥലംകൊടുക്കണമെന്നല്ലാതെ ഓരോരുത്തർക്കും സൗകര്യമായി പ്രത്യേകം സ്ഥലം കൊടുക്കണമെന്നു ഞാൻ പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly